(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർബല വിഭാഗങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുതകുന്ന ഉല്പാദനക്ഷമമായ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാഞ്ഞതും മുടങ്ങിക്കിടക്കുന്നതുമായ ഫേസ് 2 മുതൽ 7 വരെയുള്ള നിരവധി പ്രവൃത്തികൾ കരാർ ഉറപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഗ്രാമീണ റോഡുകൾ

27 (1395) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ എത്ര ഗ്രാമീണ റോഡുകൾ അനുവദിച്ചിട്ടുണ്ട് ; ഏതെല്ലാം പദ്ധതി പ്രകാരമാണ് പ്രസ്തുത റോഡ് അനുവദിച്ചിട്ടുള്ളത് ; അവയുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ ;

(ബി) കാസർഗോഡ് മണ്ഡലത്തിലെ കാറടുക്ക പഞ്ചായത്തിലെ മിഞ്ചിപദവ് റോഡ് പുനർനിർമ്മിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) 67 ഗ്രാമീണ റോഡുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നബാർഡ്-ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XX ഉൾപ്പെടുത്തി പള്ളപ്പാടി-മിഞ്ചിപദവ് റോഡിന്റെ ഡി.പി.ആർ തയ്യാർ ചെയ്യുന്നതിനുള്ള രേഖകൾ കാറഡുക്ക ബ്ലോക്ക് ഓഫീസിൽ നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണം

28 (1396) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണത്തിനായി ആർ. ഐ. ഡി . എഫ് .

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly